**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6882** **21-03-2023 - ൽ മറുപടിയ്ക്ക്**

**ആശ്വാസ് വാടക വീട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഭവന നിർമ്മാണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ആശ്വാസ് വാടക വീട് പദ്ധതിയുടെ വിശദാംശവും പുരോഗതിയും വിശദമാക്കാമോ; | (എ) | ഭവന നിർമ്മാണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ആശ്വാസ് വാടക വീട് പദ്ധതിയുടെ വിശദാംശവും പുരോഗതിയും ചുവടെ ചേർക്കുന്നു .<br><br>**ആശ്വാസ് വാടക വീട് പദ്ധതി - ആലപ്പുഴ**<br><br>ആലപ്പുഴ ജില്ലയിൽ 106 രോഗികൾക്ക്/ കൂട്ടിരിപ്പുകാർക്ക് താമസിക്കുന്നതിനായി ഒറ്റ ബ്ലോക്കിൽ ആയിട്ടുള്ള 2നില കെട്ടിടത്തിന്റെ<br><br>(1489.81 ചതു. മീറ്റർ) നിർമ്മാണം 20 ശതമാനം പൂർത്തിയായി. മുഴുവൻ പൈലുകളും കോൺക്രീറ്റ് ചെയ്തു കഴിഞ്ഞു. പൈൽ ക്യാപ്പിന്റെയും, ഗ്രേഡ് ബീമിന്റെയും സ്റ്റീൽ വർക്കുകൾ സൈറ്റിൽ പുരോഗമിക്കുകയാണ്.<br><br>**2. ആശ്വാസ് വാടക വീട് പദ്ധതി - മുളംകുന്നത്തുകാവ് , തൃശ്ശൂർ**<br><br>തൃശ്ശൂർ ജില്ലയിൽ 75 രോഗികൾക്ക്/ കൂട്ടിരിപ്പുകാർക്ക് താമസിക്കുന്നതിനായി ഒറ്റ ബ്ലോക്കിൽ ആയിട്ടുള്ള 2നില കെട്ടിടത്തിന്റെ (1556.79 ചതു. മീറ്റർ)നിർമ്മാണം 75 ശതമാനം പൂർത്തിയായി. കെട്ടിടത്തിന്റെ സ്ട്രക്ചറൽ ജോലികൾ 70% പൂർത്തിയായി. സംപ് ടാങ്ക്, സെപ്റ്റിക് ടാങ്ക്, ഓവർഹെഡ് വാട്ടർ ടാങ്ക് എന്നിവയുടെ നിർമ്മാണം പൂർത്തിയായി.<br><br>**3. ആശ്വാസ് വാടക വീട് പദ്ധതി - കണ്ണൂർ**<br><br>കണ്ണൂർ ജില്ലയിൽ 106 രോഗികൾക്ക്/ കൂട്ടിരിപ്പുകാർക്ക് താമസിക്കുന്നതിനായി ഒറ്റ ബ്ലോക്കിൽ ആയിട്ടുള്ള 3നില കെട്ടിടത്തിന്റെ (1787.34 ചതു. മീറ്റർ)നിർമ്മാണം ആരംഭിച്ചു. മണ്ണ് പരിശോധന പൂർത്തിയായി. കരാറുകാരനുമായി കരാർ നടപ്പാക്കി. സ്ഥലം 20-02-2023-ന് |

| | | | |
|---|---|---|---|
| | | | കരാറുകാരന് കൈമാറി. നിർമ്മാണത്തിന്റെ പ്രാഥമികഘട്ട പ്രവർത്തികൾ പുരോഗമിക്കുന്നു.<br><br>**4. ആശ്വാസ് വാടക വീട് പദ്ധതി - കോന്നി , പത്തനംതിട്ട**<br><br>പത്തനംതിട്ട ജില്ലയിൽ 82 രോഗികൾക്ക്/ കൂട്ടിരിപ്പുകാർക്ക് താമസിക്കുന്നതിനായി രണ്ടു ബ്ലോക്കിൽ ആയിട്ടുള്ള 3നില കെട്ടിടമാണ് നിർമ്മിക്കാൻ ഉദേശിക്കുന്നത്. എന്നാൽ കോന്നി മെഡിക്കൽ കോളേജിന് സമീപം സ്ഥലം ലഭ്യമല്ലാത്തതിനാൽ ടി പദ്ധതി തൊട്ടടുത്തു സ്ഥിതി ചെയ്യുന്ന കൃഷിവകുപ്പിന്റെ സ്ഥലം വിനിയോഗിക്കാൻ ആരായുകയും ഇത് സംബന്ധിച്ച് കൃഷി വകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.<br><br>**5. ആശ്വാസ് വാടക വീട് പദ്ധതി - കോട്ടയം**<br><br>കോട്ടയം ജില്ലയിൽ 106രോഗികൾക്ക്/ കൂട്ടിരിപ്പുകാർക്ക് താമസിക്കുന്നതിനായി രണ്ടു ബ്ലോക്കിൽ ആയിട്ടുള്ള 3നില കെട്ടിടമാണ് നിർമ്മിക്കാൻ ഉദേശിക്കുന്നത്. മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ നിർദിഷ്ട ആശ്വാസ് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ബോർഡിന് കൈമാറുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറിൽ നിന്ന് അനുമതി വാങ്ങാൻ കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ അഭ്യർത്ഥിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറിൽ നിന്ന് മറുപടി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ടി പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത പദ്ധതി എല്ലാ മെഡിക്കൽ കോളേജുകളോടും ജില്ലാ ആശുപത്രികളോടും അനുബന്ധിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | ആശ്വാസ് വാടക വീട് പദ്ധതിയ്ക്കായുള്ള സ്ഥലത്തിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് ഭവന നിർമ്മാണ ബോർഡ് വിവിധ ജില്ലകളിൽ പദ്ധതി വിഭാവനം ചെയ്യുന്നതാണ് . |

സെക്ഷൻ ഓഫീസർ